**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

2016-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും പുതുതായി ഉൾപ്പെടുത്തുന്ന മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ്

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഒഴിവുള്ള സർക്കാർ സീറ്റുകളിലേയ്ക്കും പുതുതായി ഉൾപ്പെടുത്തുന്ന മെഡിക്കൽ/ഡന്റൽ കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുമുള്ള ഒരു ഓൺലൈൻ അലോട്ട്മെന്റ് **18.09.2016**-ന് പ്രസിദ്ധീകരിക്കുന്നതാണ്. 2016-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, **പുതുതായി ഉൾപ്പെടുത്തുന്ന കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം** എന്നിവ **16.09.2016** മുതൽ **18.09.2016 ഉച്ചയ്ക്ക് 1 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ഉണ്ടായിരിക്കുന്നതാണ്.

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഇവരുടെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും. നേരിട്ടോ തപാൽ/ഫാക്സ്/ഇ-മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **19.09.2016, 20.09.2016** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **20.09.2016 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| 16.09.2016 | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 18.09.2016 (1 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **18.09.2016 (8 pm)** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 19.09.2016 & 20.09.2016 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ/ഓൺലൈനായി ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 20.09.2016, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

യോഗ്യരായ വിദ്യാർത്ഥികൾക്ക് ചുവടെ ചേർത്തിരിക്കുന്ന കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | | |
| 1 | **JMC** | **Jubilee Mission Medical Colleg & Research Institute, Jubilee Mission P.O. Thrissur - 5** |
| 2 | **GMC** | **Sree Gokulam Medical College & Research Foundation, Venjaramoodu P O, Thiruvananthapuram** |
| 3 | **MMH** | **Malabar Medical College Hospital & Research Centre, Modakkallur P O,Atholi (via), Kozhikkode-21** |
| 4 | **KEM** | **Kerala Medical College, Cheruplassery Palakkad** |
| 5 | **SRM** | **S R Medical College & Research Centre, Akathumuri, Varkala, Thiruvananthapuram** |

| സർക്കാർ ഡെന്റൽ കോളേജ് | | |
|---|---|---|
| 1 | **ALD** | **Govt. Dental College, Alappuzha** |
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 1 | **CDC** | **Century International Institute for Dental Sciences & Research Centre, Poinachi, Kasaragod** |
| 2 | **IGD** | **Indira Gandhi Institute of Dental Sciences, Kothamangalam.** |
| 3 | **SVD** | **Sri. Sankara Dental College, Akathumuri, Varkala. Thiruvananthapuram** |

**ഫീസ് നിരക്ക്:**

| എം ബി ബി എസ് | | | |
|---|---|---|---|
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 25,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 25,000/- രൂപ | **മറ്റുള്ളവർ** **2,50,000/– രൂപ** |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ്** Jubilee Mission Medical Colleg & Research Institute, Jubilee Mission P.O. Thrissur – 5 | 50% സർക്കാർ സീറ്റുകൾ 4,40,000/- രൂപ | **സ്കോളർഷിപ്പ്** 100 എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ ഓരോ ബാച്ചിനും **44 ലക്ഷം** രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ മാനേജ്മെന്റുകൾ മാറ്റിവയ്ക്കുകയും പ്രവേശന നടപടികൾ അവസാനിച്ച ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവിന് വിധേയമായി വിതരണം ചെയ്യുന്നതുമായിരിക്കും. | |
| **ബി ഡി എസ്** | | | |
| **സർക്കാർ ഡെന്റൽ കോളേജ്** | 23,000/- രൂപ | | |
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 23,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 44,000/- രൂപ | **മറ്റുള്ളവർ** **2,10,000/– രൂപ** |

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1000 രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ അലോട്ട്മെന്റിൽ മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല. മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് തുടർന്നുള്ള അലോട്ട്മെന്റ് സംബന്ധിച്ച് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.155/2016/H.Edn. Dated: 30.06.2016, GO(Rt) No.1686/2016/H.Edn. Dated: 30.06.2016 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**

തിരുവനന്തപുരം
15.09.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**